# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 30** **July 2016** **No.4**

# എഡിറ്റോറിയൽ

സമൂഹത്തിൽ ഇന്ന് തിന്മകൾ വർദ്ധിച്ചുവരുന്നു എന്നത് പരമാർത്ഥ മാണ്. അപ്പനും അമ്മയും മക്കളും അടങ്ങുന്ന കുടുംബങ്ങൾ എങ്ങനെ ഭൂമിയിൽ വസിക്കണമെന്നും അവരുടെ തമ്മിൽ തമ്മിലുള്ള ബന്ധം എപ്ര കാരം നിലനിർത്തണമെന്നും ദൈവം ആരംഭം മുതൽ ഉപദേശിച്ചു വന്നി ട്ടുണ്ട്. പക്ഷെ പലപ്പോഴും ദൈവത്തിന്റെ കൽപനകളെ ലംഘിച്ചുകൊണ്ട് ഭൗതികമായ സുഖസൗകര്യങ്ങൾക്കും സ്വാർത്ഥലാഭങ്ങൾക്കും മുൻതൂക്കം കൊടുക്കുവാനുള്ള പ്രതിപത്തിയാണ് ജനങ്ങളിൽ കണ്ടു വരുന്നത്. സ്വന്തം സഹോദരന്റെ വഴിപാടിൽ ദൈവം പ്രസാദിക്കുകയും തന്റെ വഴിപാടിൽ ദൈവം പ്രസാദിക്കാതിരിക്കുകയും ചെയ്തതിന്റെ രോഷം അവൻ സഹോദരനോട് തീർത്തു. സ്വന്തം പോരായ്മയെ കാണാതെ മറ്റുള്ളവർക്ക് ലഭിക്കുന്ന അംഗീകാരത്തെ സ്വീകരിക്കുവാ നുള്ള മനോഭാവം ഇല്ലാതെ സ്വന്ത സഹോദരനെ കൊല്ലുന്നതായിരുന്നു ആരംഭത്തിൽ നടന്ന ആദ്യ അക്രമം.

അക്രമം ആരാണ് ചെയ്തത് എന്നതിനേക്കാളുപരി അത് ദൈവത്തോ ടുള്ള ധിക്കാരപൂർവ്വമായ നടപടിയായിട്ടാണ് ദൈവം കാണുന്നത്. ഒരു അക്രമത്തെയും ആർക്കും യഥാർത്ഥത്തിൽ ന്യായീകരിക്കാവുന്നതല്ല. നമ്മുടെ ദൈവം സമാധാനത്തിന്റെ ദൈവമാണ്. ഓരോ വ്യക്തിയെയും ഈ ഭൂമിയിലാക്കിയ ദൈവത്തിന്റെ ഉദ്ദേശം വ്യക്തികൾ മനസിലാക്ക ണം. നന്മയാണ് ദൈവം എല്ലാവർക്കും നൽകുന്നത്. അവന്റെ സന്താന ങ്ങളായ നാം ഓരോരുത്തരും നന്മയാണ് ചെയ്യേണ്ടത്. നമുക്ക് ഇഷ്ടമ ല്ലാത്തവർ ചെയ്യുന്ന കാര്യങ്ങളെ എതിർക്കുകയും അവരോട് പ്രതികാരം

വീട്ടുകയും ചെയ്യുക എന്നത് ദൈവത്തിന് അനിഷ്ടമാണ്. അടിസ്ഥാന പരമായി കുട്ടികൾ മാതാപിതാക്കളുടെ ശിക്ഷണത്തിലാണ് വളർന്നു തുട ങ്ങുന്നത്. അവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും അവർ തങ്ങളുടെ കുട്ടികൾക്ക് നൽകുന്നത്, ആ കുട്ടികളുടെ നന്മ ഉദ്ദേശിച്ചാ ണ്, അവർ നന്നാകുവാനാണ്. കുട്ടികളെ നല്ല സാരോപദേശങ്ങളും നന്മ യുടെ വഴിയും അഭ്യസിപ്പിക്കേണ്ടത് അപ്പനും അമ്മയുമാണ്. അതിന് പകരം അവർ തെറ്റായ മാതൃക കുട്ടികൾക്ക് നൽകിയാൽ അവർ പിന്തു ടരുന്നത് തിന്മയായിരിക്കും.

ഇന്ന് പല കുടുംബങ്ങളിലും മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം അകന്നിരിക്കുന്നു എന്നു പറയാം. അതിന് പല കാരണങ്ങൾ കാണാം. പണമില്ലാത്തതിന്റെ പ്രയാസങ്ങൾ അനുഭവിച്ച മാതാപിതാക്കൾ തങ്ങളുടെ മക്കൾ അവരെ പോലെ കഷ്ടത അനുഭവിക്കരുത് എന്നു വിചാരിച്ച് എങ്ങനെയെങ്കിലും കുറെ പണം ഉണ്ടാക്കിയാൽ സമൂഹത്തിൽ വിലയും നിലയും ഉണ്ടാകും എന്നു വിചാരിക്കും. പക്ഷെ ദൈവം പറ ഞ്ഞിരിക്കുന്നത്, ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകു ന്നു എന്നാണ്. ധനവാനാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങും എന്ന് വേദഭാഗം മുന്നറിയിച്ചിരിക്കുന്നു. ദൈവ ത്തിന്റെ മുന്നറിയിപ്പുകളെ അവഗണിക്കുന്ന മനുഷ്യർ ആണ് അക്രമ ത്തിലേക്ക് തിരിയുന്നത്.

സ്വന്തം മകൻ അപ്പനെ അല്ലെങ്കിൽ അമ്മയെ കൊല്ലുന്ന സ്ഥിതിയി ലേക്കാണ് ഇന്ന് ലോകം ചലിക്കുന്നത്. അത് സ്വത്തിനു വേണ്ടിയും പണ ത്തിനു വേണ്ടിയുമാണ് എന്നോർക്കുക. നശിച്ചുപോകുന്ന ഇത്തരം വസ്തുക്കളെ കുറിച്ചുള്ള അബദ്ധ ധാരണയാണ് അവരെ കൊണ്ട് ഇങ്ങനെ ചെയ്യിക്കുന്നത്. നന്മയാൽ തിന്മയെ ജയിക്കുവാനാണ് കർത്താവ് കൽപിച്ചിരിക്കുന്നത്. മറ്റുള്ളവരിൽനിന്ന് കഷ്ടമോ നഷ്ടമോ അനുഭവ പ്പെട്ടാൽ നാം അത് സഹിക്കണം. അന്യോന്യം ക്ഷമിക്കയും സഹിക്കു കയും പൊറുക്കുകയും ചെയ്യുവാൻ ദൈവം കൽപിച്ചിരിക്കുന്നത് വെറു തെയല്ല. ഒരു ഭവനത്തിലുള്ളവരെല്ലാം, സഭയിലുള്ളവരെല്ലാം നീതിയും ന്യായവും പ്രവർത്തിക്കുകയാണെങ്കിൽ അത് സമൂഹത്തിന് നല്ല ഒരു സന്ദേശം നൽകുവാൻ സാധിക്കും. ദൈവഭയത്തിൽ ക്രിസ്തുവിൽ വിശ്വ സിച്ച് പാപങ്ങളിൽനിന്നു വിട്ടുതിരിഞ്ഞ് ക്രിസ്തു ദൈവപുത്രനെന്ന് ഏറ്റു പറഞ്ഞ് പാപമോചനത്തിനായി ദൈവപുത്രന്റെ നാമത്തിൽ സ്നാന മേൽക്കുമ്പോൾ അവൻ നമ്മെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് ദൈവവചനപ്രകാരം വിശ്വസ്തതയോടെ ജീവിക്കുക.

# ക്രിസ്തുവിന്റെ സുവിശേഷം

## *J.C.* ചോട്ട്

ആദ്യം നമുക്ക് എന്താണ് സുവിശേഷം എന്നു നോക്കാം. അതിനുശേഷം എന്താണ് ക്രിസ്തുവിന്റെ സുവിശേഷം എന്നു പരിശോധിക്കാം. ഏതൊരു വിഷയത്തിനും ആധികാരികത അനിവാര്യമാണ്. സുവിശേഷം എന്ന വാക്കിന്റെ അർത്ഥം നല്ല വാർത്ത എന്നാണ്. എന്താണ് വാസ്തവത്തിലുള്ള നല്ല വാർത്ത. ആധുനിക സമുഹത്തിൽ മാദ്ധ്യമങ്ങളിലും പത്രങ്ങളിലും അവർക്ക് ലഭിക്കുന്നതെല്ലാം വാർത്തയായി പ്രക്ഷേപണം ചെയ്യും. ആ രീതിയിലേക്ക് പത്ര ധർമ്മം മാറിയിരിക്കുന്നു. ശരിയായ വാർത്തയെ തന്നെ നമുക്ക് ഉപകാരപ്രദവും അല്ലാത്തതുമായി തരം തിരിക്കാവുന്നതാണ്. നാം ഇവിടെ അത്തരം വാർത്തയെ കുറിച്ചല്ല ചിന്തിക്കുന്നത്. മറിച്ച് ആത്മാവിനെ കുറിച്ചുള്ള വാർത്തയെയാണ്. അതാണ് നിലനിൽക്കുന്നതും നിത്യമായി പ്രയോജനം ചെയ്യുന്നതും. എന്നാൽ അധികം ആളുകളും അത്തരം വാർത്തക്ക് അധികം പ്രാധാന്യം കൊടുക്കുന്നില്ല എന്നത് ദൈവത്തെ ദുഃഖിപ്പിക്കും എന്നോർക്കുക.

സുവിശേഷം എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നത് നിങ്ങൾ കേട്ടിരിക്കാം. അതിനെ ക്രിസ്തുവുമായി ബന്ധിപ്പിച്ച് സംസാരിക്കുന്നതും കേട്ടിരിക്കാം. സുവിശേഷം എന്നത് നല്ല വാർത്ത അല്ലെങ്കിൽ നല്ല വിശേഷം എന്ന് നിർവ്വചിക്കാവുന്നതാണ്. നാം അറിയുന്നവരെ കുറെ നാളുകൾക്ക് ശേഷം കണ്ടുമുട്ടുമ്പോൾ ചോദിക്കുന്നത്, എന്തൊക്കെയുണ്ട് വിശേഷങ്ങൾ എന്നാണ്. അവരുടെ ജീവിതത്തിൽ എന്തെങ്കിലും പ്രത്യേകത സംഭവിച്ചോ എന്നറിയുവാനുള്ള കൗതുകത്താലാണ് നാം അങ്ങനെ ചോദിക്കുന്നത്. ക്രിസ്തുവിന്റെ സുവിശേഷം എന്താണെന്നും അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നും മനസിലാക്കുന്നത് വളരെ പ്രയോജനപ്പെടും. ദൈവം ക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചു. അവൻ ദൈവത്തിന്റെ സന്ദേശം ആളുകളോട് അറിയിച്ചു. ക്രിസ്തു അപ്പൊസ്തലന്മാരെ പഠിപ്പിച്ച് പരിശീലിപ്പിച്ച് അവരെ ലോകത്തിൽ എല്ലാ ഭാഗത്തേക്കും അയച്ച് ക്രിസ്തുവിന്റെ സന്ദേശം സകല ജാതികളിലേക്കും എത്തിച്ചു. അപ്പൊസ്തലന്മാരിൽ ഒരാളായ പൗലൊസ് എഴുതിയിരിക്കുന്നത് നമുക്ക്

നോക്കാം. "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ എന്നാൽ അവർ വിശ്വസിക്കാത്ത വനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്ന് എഴുതി യിരിക്കുന്നുവല്ലോ" (റോമർ 10:13-15).

നിങ്ങൾക്ക് ഒരു ലോട്ടറി അടിച്ചുകഴിയുമ്പോൾ അത് അറിയു ന്നവർക്ക് ഒരു നല്ല വാർത്തയാണ്. ആരെങ്കിലും നിങ്ങൾക്ക് സൗജ ന്യമായി ഒരു ലക്ഷം രൂപ തന്നാൽ അത് നിങ്ങളെ സംബന്ധിച്ച് നല്ല വിശേഷമാണ്. നിങ്ങൾ ആ വിശേഷം എല്ലാവരോടും അറിയിക്കും. അതുപോലെ ക്രിസ്തുവിന്റെ സുവിശേഷത്തിൽ ഒരു ദാനം അട ങ്ങിയിരിക്കുന്നു. അത് പിതാവായ ദൈവം സർവ്വ മനുഷ്യർക്കുമായി നൽകുന്ന ദാനമാണ്. സൗജന്യമായി ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതായ മനുഷ്യരോടുള്ള സ്നേഹം നിമിത്തമാണ് ആ ദാനം നമുക്ക് നൽകുവാൻ ദൈവത്തിനു ദയവ് തോന്നിയത്. ആ നല്ല ദാനമാണ് ക്രിസ്തു. ദൈവം തന്റെ ഏകജാതനായ പുത്രനെ നമുക്ക് വേണ്ടി നൽകുവാൻ കരുണ കാണിച്ചു. അത് നമ്മുടെ നാശം ഒഴി വാക്കുവാനാണ്. അവൻ നമ്മെ രക്ഷിക്കുവാൻ മരിച്ചു, അടക്കപ്പെ ട്ടു, ഉയർത്തെഴുന്നേറ്റു പിതാവിന്റെ വലത്തുഭാഗത്തിരുന്ന് സദാ പക്ഷ വാദം ചെയ്യുന്നു എന്നതാണ് നല്ല വിശേഷം.

പാപം ചെയ്യുന്ന മനുഷ്യൻ മരിക്കേണം എന്നതാണ് ദൈവ ത്തിന്റെ നിയമം (റോമർ 6:23). എല്ലാ മനുഷ്യരും പാപം ചെയ്യുന്ന തിനാൽ അവർക്ക് സ്വയമായി പാപത്തിൽ നിന്നു മോചനം പ്രാപി ക്കുവാൻ സാധ്യമല്ലാത്ത അവസ്ഥയിൽ ദൈവത്തിനു നമ്മോട് കൃപ തോന്നി ഒരു രക്ഷാപദ്ധതി ഒരുക്കി. ആ പദ്ധതിയാണ് ക്രിസ്തു തന്റെ യാഗത്തിൽകൂടെ നടപ്പാക്കിയത്. നാം ക്രിസ്തുവിൽ വിശ്വസിച്ച് അവന്റെ നിബന്ധനകൾ പാലിച്ചാൽ നമുക്ക് ഒരു പ്രത്യാശയുണ്ട്. പിന്നെ നാം മരിച്ചാലും ജീവിക്കും എന്ന് കർത്താവ് തന്നെ അരുളി ച്ചെയ്തിരിക്കുന്നു. അതായത് നമ്മുടെ ആത്മാക്കൾ മരണശേഷം നിത്യതയിൽ ദൈവത്തോടുകൂടെ ആയിരിക്കും എന്ന ഉറപ്പാണ് ക്രിസ്തുവിന്റെ യാഗത്താൽ ലഭിച്ചത്. അതിനേക്കാൾ വലിയ വിശേഷം മറ്റൊന്നില്ല. ആത്മാവിന്റെ രക്ഷയെക്കാൾ വലിയ രക്ഷ

യുമില്ല. ഇനി തിരുവെഴുത്തിൽ അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക, "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ച് നീതിക്ക് ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന്നു സ്തോത്രം" (റോമർ 6:17, 18).

എന്തിനെങ്കിലും ദാസ്ന്മാരായി തീരുക എന്നു പറഞ്ഞാൽ അതിനു കീഴ്പ്പെടുക, അതിനെ സേവിക്കുക എന്നാണ്. പാപത്തിനു ദാസന്മാരായിരുന്നവരെ അതിൽനിന്നു മോചിപ്പിച്ചതിന്റെ കാരണം അവർ ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചതിനാലാണ്. ഭൂമിയിൽ പാപങ്ങളെ മോചിച്ചുകൊടുപ്പാൻ മനുഷ്യപുത്രനായ ക്രിസ്തുവിന് അധികാരം ഉണ്ട്. അവൻ തന്നെ അനുസരിക്കുന്നവരുടെ രക്ഷാനായകനാണ്. പാപമോചനം പൂർണ്ണമാക്കി തീർത്തതു യേശുവിന്റെ മരണം, അടക്കം, ഉയർപ്പ് എന്നിവയാലാണ്. ആളുകൾ ഉപദേശത്തെ അനുസരിച്ചു എന്നല്ല അവിടെ പറഞ്ഞിരിക്കുന്നത്, മറിച്ച് ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു എന്നാണ്. അതിൽ വ്യത്യാസം ഉണ്ട്, ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നാണ് കർത്താവ് ശിഷ്യന്മാരോട് കൽപിച്ചത്. പുതിയനിയമ കൽപനകളൊന്നും വിട്ടുകളയുവാൻ പാടില്ല. അവ എല്ലാം നമ്മുടെ ജീവിതത്തിൽ അനുസരിക്കുക തന്നെ വേണം. കാരണം ദൈ2വം നമ്മെ തികഞ്ഞവരാക്കി തീർക്കുവാൻ ആഗ്രഹിക്കുന്നു.

ഉപദേശരൂപത്തിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നതിനു മുൻപ് എന്താണ് ഉപദേശം എന്നു മനസിലാക്കേണ്ടിയിരിക്കുന്നു. അതിന്റെ ഉത്തരത്തിനായി നമുക്ക് 1 കൊരിന്ത്യർ 15:1-4 വരെയുള്ള തിരുവെഴുത്ത് വായിക്കാം. "എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾക്ക് ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ

ഉയർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി." ഉപദേശത്തിൽ അടങ്ങിയിരിക്കുന്നത് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ്. അപ്പോൾ നാം ഉപദേശരൂപം അനുസരിക്കുന്നത് എങ്ങനെ എന്നു നോക്കാം. റോമാ ലേഖനം ആറാം അദ്ധ്യാം 3 ഉം 4 ഉം വാക്യങ്ങൾ വായിക്കുക. "അല്ല, യേശു ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ." എന്താണ് അപ്പൊസ്തലൻ പറയുന്നതിന്റെ അർത്ഥം? നാം പാപ സംബന്ധമായി നമ്മുടെ ശരീരത്തെ മരിപ്പിച്ച് വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്തു, ക്രിസ്തുവിൽ ജീവന്റെ പുതുക്കത്തിൽ നടക്കുവാനായി വെള്ളത്തിൽനിന്ന് കയറി വരുന്നു.

റോമയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സുവിശേഷം എന്ന ഉപദേശരൂപം കേട്ട് അനുസരിച്ചതിനാലാണ് അവർ പാപത്തിന്റെ ദാസ്യത്തിൽനിന്നു നീതിയുടെ ദാസ്യത്തിലേക്ക് തിരിഞ്ഞത്. അപ്പോഴാണ് ഒരാൾക്ക് പാപമോചനം യാഥാർത്ഥ്യമാകുന്നത്. അതുവരെ ആ വ്യക്തി പുരുഷനായാലും സ്ത്രീ ആയാലും പാപത്തെ സേവിച്ചു വന്നിരുന്നു. ദൈവം ക്രിസ്തുവിലാണ് നമ്മോട് ക്ഷമിക്കുന്നത്. സുവിശേഷം അനുസരിക്കുമ്പോഴാണ് ഏതൊരു വ്യക്തിയുടേയും പാപം ദൈവം കണക്കിടാതിരിക്കുന്നത്. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറഞ്ഞത്, "സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല, വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ" (റോമർ 1:16). നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടും (മർക്കൊസ് 16:15, 16). ക്രിസ്തു സ്വർഗാരോഹണം ചെയ്ത ശേഷമുള്ള ആദ്യത്തെ സുവിശേഷ പ്രസംഗത്തിൽ പത്രൊസ് അന്നു കൂടിവന്ന യഹൂദന്മാരോട് പറഞ്ഞത്, "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി

ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" എന്നാണ്(പ്രവൃത്തികൾ 2:38). ക്രിസ്തുവിന്റേയും പത്രൊസിന്റേയും പ്രസ്താവനകൾ സൂചിപ്പിക്കുന്നത്, ആളുകൾ സുവിശേഷം പ്രസംഗിക്കുന്നത് കേട്ട് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ അനുസരിക്കുന്നവർക്ക് പാപമോചനവും പരിശുദ്ധാത്മാവ് എന്ന ദാനവും ലഭിക്കും എന്നു വ്യക്തം.

പാപസംബന്ധമായി മരിക്കുന്നവരെയാണ് വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്യുന്നത്. അവരാണ് ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്ന് ഉയർത്തെഴുന്നേൽക്കുന്നത്. ചുരുക്കി പറഞ്ഞാൽ മനുഷ്യർ വിശ്വസിക്കേണ്ട ചില വസ്തുതകളുണ്ട്, അകൃത്യങ്ങളിൽനിന്ന് ആളുകൾ വിട്ടുതിരിയേണ്ടതുണ്ട്, ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കാളികളാകേണ്ടതും അനിവാര്യമാണ്. കൂടാതെ ദൈവം ആവശ്യപ്പെട്ടിരിക്കുന്ന ക്രിസ്തീയ ജീവിതം മരണത്തോളം നയിക്കുകയും വേണം. കൂടാതെ സുവിശേഷത്തിൽ ദൈവം മഹത്തായ വാഗ്ദാനങ്ങൾ നൽകിയിരിക്കുന്നു. അങ്ങനെയുള്ള വ്യക്തിക്ക് ദൈവം പാപങ്ങൾ മോചിച്ചുകൊടുക്കുകയും പരിശുദ്ധാത്മാവ് എന്ന ദാനം നൽകുകയും ചെയ്യും. അതോടൊപ്പം നിത്യജീവനും വാഗ്ദാനം ചെയ്തിരിക്കുകയാണ്. ഇവ ഓരോന്നും ഓരോ വ്യക്തിയും നിലനിർത്തണം എന്നതും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അപ്പൊസ്തല പ്രവൃത്തി 2:47 ൽ രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർക്കുകയും ചെയ്യും എന്നും പറഞ്ഞിരിക്കുന്നു.

ക്രിസ്തുവേശുവിലുള്ള വിശ്വാസത്താൽ ദൈവമക്കളാകുകയും ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേൽക്കുമ്പോൾ ക്രിസ്തുവിനെ ധരിക്കുകയുമാണ് ചെയ്യുന്നത് (ഗലാത്യർ 3:37). അതായത് മാനുഷിക സ്വഭാവത്തെ വിട്ടുകളഞ്ഞ് ക്രിസ്തുവിന്റെ സ്വഭാവത്തെ നാം ധരിക്കുകയാണ്. പഴയ മനുഷ്യനെ മാറ്റിക്കളയുമ്പോഴാണ് നാം പുതിയ മനുഷ്യരാകുന്നത്. ഒരുത്തൻ ക്രിസ്തുവിലാകുമ്പോൾ അയാൾ പുതിയ സൃഷ്ടിയാകുന്നു. സഭയിൽ പ്രവേശിക്കുന്ന വ്യക്തിക്ക് ദൈവം സകല ആത്മികാനുഗ്രഹങ്ങളും നൽകുമെന്ന് മുന്നറിയിച്ചിരിക്കുന്നു (എഫെസ്യർ 1:3). സുവിശേഷം അനുസരിക്കുന്നവർക്കാണ് എല്ലാ അനുഗ്രഹങ്ങളും ദൈവം വാഗ്ദാനം

ചെയ്തിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക. അപ്പോൾ സുവിശേഷം അനുസരിക്കാത്തവർക്ക് എന്തു സംഭവിക്കുമെന്ന ചോദ്യം സ്വാഭാവികമായി ഉയർന്നേക്കാം. അതിന്റെ ഉത്തരം ബൈബിൾ നൽകുന്നു. "ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം ചെയ്യുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ" (2 തെസ്സലൊനിക്യർ 1:7, 8).

കർത്താവ് പോയപ്പോൾ വീണ്ടും വരുമെന്ന് ദൂതൻ മുന്നറിയിച്ചിരുന്നു. അവൻ വരുമ്പോൾ രണ്ട് തരം ആളുകൾക്ക് പകരം നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവത്തെ അറിയാത്തവർക്ക് അഥവാ അവനെ സംബന്ധിച്ച് അജ്ഞരായി കഴിയുന്നവർക്കാണ് അവൻ ആദ്യം പ്രതികാരം ചെയ്യുന്നത്. എന്തുകൊണ്ട് എന്ന ചോദ്യം ഉയർന്നേക്കാം. കാരണം ദൈവത്തെ കുറിച്ച് അറിയാതിരിക്കുന്നതിന് യാതൊരു ഒഴികഴിവും ഇല്ല. ദൈവത്തെ അറിയുക എന്നത് ഓരോരുത്തരുടേയും കടമയാണ്. പിന്നീട് ദൈവം ശിക്ഷിക്കുന്നത് കർത്താവിന്റെ സുവിശേഷം അനുസരിക്കാതിരുന്നവരെയാണ്. എബ്രായലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. "കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?" (എബ്രായർ 2:3).

ഒഴിച്ചുകൂടാനാവാത്ത സുവിശേഷത്തിന്റെ മാഹാത്മ്യത്തെ അപ്പൊസ്തലനായ പൗലൊസ് നമ്മെ ഓർപ്പിക്കുന്നു. "ഞങ്ങൾ നിങ്ങളോട് അറിയിച്ചതല്ലാതെ മറ്റൊരു സുവശേഷം ഞങ്ങളാകട്ടെ സ്വർഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" ദൈവം യേശുക്രിസ്തുമൂലം നൽകിയ സുവിശേഷത്തെ മാറ്റുവാൻ ആർക്കും അധികാരമില്ല എന്ന കാര്യം വിസ്മരിക്കരുത്.

✶

# ദൈവത്തിന്റെ അത്ഭുത കരുതൽ

## റോയ്സി ഫ്രാങ്ക്ളിൻ

ദൈവം സർവ്വശക്തനും തന്റെ സൃഷ്ടികളിൽ വെച്ച് മനുഷ്യരെ അതിയായി സ്നേഹിക്കുന്നവനുമാണ്. മനുഷ്യമനസുകൾക്ക് പൂർണ്ണ മായി മനസിലാക്കുവാൻ കഴിയാത്തത്ര വ്യാപ്തമാണ് ദൈവത്തിന്റെ അനുഗ്രഹങ്ങൾ. അവന് നമ്മോടുള്ള സ്നേഹം ശരിയായി മനസി ലാക്കുവാൻ ദൈവത്തിന്റെ കരുതലിനെ കുറിച്ച് നാം വായിച്ച് മന സിലാക്കണം. ദൈവം അത് തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു എന്നത് ഭാഗ്യകരമായ അവസ്ഥയാണ്. അത് മനസിലാ ക്കിയാൽ മാത്രമെ ദൈവത്തെ നാം അനുമോദിച്ച് ആദരിക്കുകയു ള്ളു. പൊതുവായ നന്മകൾ ദൈവം എല്ലാവർക്കും നൽകുമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ കരുതലിനെ ആളുകൾ രണ്ടായി തരം തിരിച്ചിരിക്കുന്നു. ദൈവത്തിന്റെ അടിസ്ഥാനപരമായ കരുതലും, പ്രത്യേകമായ കരുതലും എന്നിങ്ങനെയാണ് അത്. തന്നെ സ്നേഹിച്ച് അനുസരിക്കുന്നവർക്കായി അവൻ പ്രത്യേകമായ അനു ഗ്രഹങ്ങൾ നൽകുമെന്ന് മുന്നറിയിച്ചിരിക്കുന്നതിനാൽ, അവ നഷ്ട മാക്കാതെ നാം നോക്കണം.

അടിസ്ഥാനം എന്നും പ്രത്യേകം എന്നു പറഞ്ഞ് തരം തിരി ച്ചാലും അത് ദൈവത്തിന്റെ അനുഗ്രഹങ്ങളെ പൂർണ്ണമായി മനസി ലാക്കുവാൻ കഴിയുകയില്ലെങ്കിലും നമ്മുടെ പഠനത്തിന് അത് സഹാ യകരമാകും. ദൈവത്തിന്റെ അനുഗ്രഹങ്ങളെ നാം പരിശോധിക്കു മ്പോൾ അവ എല്ലാം ഒരേ ഒരു ഉറവിടത്തിൽനിന്നാണ് വരുന്നതെന്ന് കാണാം. ഏകദൈവത്തിന്റെ ശക്തിയാലാണ് നമുക്ക് അവയെല്ലാം ലഭിക്കുന്നത്. ജീവനുള്ള ഏക സത്യ ദൈവത്തിൽ നിന്നും മനു ഷ്യർക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നു. "എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്ന് വെളിച്ചങ്ങളുടെ പിതാ വിങ്കിൽനിന്ന് ഇറങ്ങിവരുന്നു. അവന്ന് വികാരമോ ഗതിഭേദത്താലുള്ള ആഛാദനോ ഇല്ല" (യാക്കൊബ് 1:17). ദൈവത്തിന്റെ അടിസ്ഥാനപ രമായ കരുതൽ എല്ലാ ആളുകളോടുമുള്ളതാണ്. അവന്റെ നന്മ എല്ലാവർക്കും അവൻ പ്രദാനം ചെയ്യുന്നു. ഉദാഹരണത്തിന്, മഴ, വെള്ളം, വെളിച്ചം എന്നീ നന്മകൾ ദൈവം ആർക്കും മുടക്കുക

യില്ല എന്നത് ദൈവത്തിന്റെ സ്വഭാവമാണ്. ദൈവം ആദ്യമനുഷ്യ രായ ആദാമിനേയും ഹവ്വയെയും ഏദെൻ തോട്ടത്തിലാക്കി അവരോട് കൽപിച്ചിരുന്നത്, "ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകല വൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു. അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ" (ഉൽപത്തി 1:29). ജലപ്രളയത്തിനു ശേഷം ദൈവം നോഹയോടും കുടുംബത്തോടും പറഞ്ഞത്, "നിങ്ങളെയുള്ള പേടിയും നടുക്കവും ഭൂമിയിലുള്ള സകല മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും സകല ഭൂചരങ്ങൾക്കും സമുദ്രത്തിലെ സകല മൽസ്യങ്ങൾക്കും ഉണ്ടാകും. അവയെ നിങ്ങളുടെ കയ്യിൽ ഏൽപിച്ചിരിക്കുന്നു. ഭൂചരജന്തുക്കളൊക്കെയും നിങ്ങൾക്ക് ആഹാരം ആയിരിക്കട്ടെ" (ഉൽപത്തി 9:2, 3).

ഞാൻ എന്റെ വയലിൽ അദ്ധ്വാനിച്ചിട്ടാണ് ഭക്ഷിക്കുന്നത്. ഞാൻ കഠിനാദ്ധ്വാനം ചെയ്തു പണം ഉണ്ടാക്കിയാണ് ജീവിക്കുന്നത് എന്നെല്ലാമുള്ള ന്യായവാദങ്ങൾ ആളുകൾ നിരത്തിയേക്കാം. ഞാൻ നല്ലതുപോലെ പാചകം ചെയ്തിട്ടാണ് രുചികരമായ ഭക്ഷണം കഴിക്കുന്നത് എന്നു വേറൊരാളും അവകാശവാദം ഉന്നയിച്ചേക്കാം. അവയെല്ലാം നല്ലതു തന്നെ. എന്നാൽ ആരാണ് വിത്തുണ്ടാക്കിയത്? അതിനെ വളരുമാറാക്കുന്നത് ആരാണ് എന്നു ചിന്തിക്കുക. ജീവനുള്ള ദൈവത്തിൽനിന്നാണ് നമുക്ക് ജീവിക്കുവാനുള്ള ശക്തി ലഭിക്കുന്നത്. ദൈവമില്ലെങ്കിൽ, സസ്യങ്ങളോ, മൃഗങ്ങളോ, വെള്ളമോ, വെളിച്ചമോ, ജോലി ചെയ്യുവാൻ മനുഷ്യർക്ക് ശക്തിയോ ലഭിക്കുകയില്ല. ദൈവം നൽകിയ വിഭവങ്ങൾ ഉപയോഗിച്ചാണ് സ്ത്രീപുരുഷന്മാർ വയലിലും മറ്റും ജോലി ചെയ്ത് ആഹാരത്തിനുള്ള വക ഉണ്ടാക്കുന്നത്. നന്മയും, വെള്ളവും, മഞ്ഞും, മഴയും ഫലപുഷ്ടമായ കാലാവസ്ഥയും ദൈവത്തിൽനിന്നാണ് നമുക്ക് ലഭിക്കുന്നത് (പ്രവൃത്തി 14:17). ദൈവം സൃഷ്ടിച്ച ആഹാരപദാർത്ഥങ്ങളെ വാസ്തവത്തിൽ ഒന്നും വർജ്ജിക്കേണ്ട ആവശ്യമില്ല. പക്ഷെ മനുഷ്യരിൽ ചിലർ അതിൽ ചിലത് വർജ്ജിക്കേണം എന്നു നിഷ്ക്കർഷിക്കുന്നത് ഖേദകരമത്രെ. നാം ഭക്ഷിക്കുന്ന ഓരോ ആഹാരത്തിനും ദൈവത്തോട് കടപ്പെട്ടിരിക്കയാൽ അവന്ന് നന്ദി ചെലുത്തണം.

ദൈവത്തിന്റെ അടിസ്ഥാനപരമായ കരുതലും അനുഗ്രഹവും നമ്മിൽ എത്തിക്കുവാൻ സർവ്വശക്തൻ ധാരാളം അതിശയങ്ങൾ

പ്രവർത്തിക്കുന്നു. ഇന്നു കാണപ്പെടുന്ന ഗ്രഹങ്ങളും പ്രപഞ്ചത്തിലെ ചെറുതും വലുതുമായ എല്ലാ മൂലകങ്ങളും ഉടൻ ഉണ്ടാകട്ടെ എന്നു കൽപിക്കുകയും അവ ഉളവാകയും ചെയ്തതാണ്. സൃഷ്ടിത്വം ദൈവത്തിന്റെ അത്ഭുത പ്രവൃത്തിയാണ് (പുറപ്പാട് 20:11; സങ്കീർത്തനങ്ങൾ 8:3; യോഹന്നാൻ 1:1-3). ഇന്ന് നാം അനുഭവിക്കുന്നതെല്ലാം അവന്റെ ആദ്യത്തെ അത്ഭുത പ്രവൃത്തികളുടെ ഫലമാണ്. ഇന്നും ദൈവത്തെ കൂടാതെ ഒന്നും തുടർച്ചയായി പ്രവർത്തിക്കുകയില്ല. സർവ്വത്തെയും നിലനിർത്തിയിരിക്കുന്നത് ദൈവശക്തിയാലാണ് (കൊലൊ. 1:17; നെഹെമ്യാവ് 9:6). ഓരോ പ്രാവശ്യവും ഞാൻ ശ്വസിക്കുന്നതും, ഒരു പുഷ്പത്തിന്റെ സുഗന്ധം ആസ്വദിക്കുന്നതും ദൈവത്തിന്റെ അതിശയകരമായ സമ്മാനമാണ്. ദൈവസഹായമില്ലെങ്കിൽ അതിനൊന്നിനും സാധ്യതയില്ല. അഥേനയിലുള്ള ആളുകളോട് അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞു, “അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്. അങ്ങനെ നിങ്ങളുടെ പിതാക്കന്മാരിലും ചിലർ നാം അവന്റെ സന്താനമല്ലോ എന്ന് പറഞ്ഞിരിക്കുന്നു” (പ്രവൃത്തികൾ 17:28).

പ്രകൃതിനിയമമനുസരിച്ചാണ് ഇന്ന് ഭൗതികമായവയെല്ലാം പ്രവർത്തിക്കുന്നത്. ഭൂവാസികളായ എല്ലാ മനുഷ്യർക്കും ദൈവം തന്റെ കരുതൽ പ്രകടിപ്പിക്കുന്നു. ദൈവം ഉണ്ട് എന്നു വിശ്വസിക്കാത്തവർക്കും, അവനെ തള്ളിക്കളയുന്നവർക്കും, അവന് എതിരായി സംസാരിക്കയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്കും അവൻ നന്മ ചെയ്തുകൊണ്ടാണിരിക്കുന്നത്. “സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്ന് പുത്രന്മാരായി തീരേണ്ടതിന്നു തന്നേ; അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും, നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ” (മത്തായി 5:45). നാം അവന്റെ സ്വഭാവത്തോട് അനുരൂപരാകുവാനാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല സകല മനുഷ്യരോടും നന്മ ചെയ്യുവാനും അവൻ ആഹ്വാനം ചെയ്തിരിക്കുന്നു. നമ്മെ ഉപദ്രവിക്കുന്നവർക്കു പോലും നാം സൽപ്രവൃത്തി ചെയ്യുന്നവരായിരിക്കണം (മത്തായി 5:43, 44). നമ്മുടെ ആയുസോ ദീർഘായുസോ അവൻ നമുക്ക് ദാനമായിട്ടാണ് തരുന്നത്. അത് എപ്പോൾ വേണമെങ്കിലും അവന് തിരിച്ചെടുക്കുന്നതിനുള്ള അധി

കാരം പിതാവായ ദൈവത്തിനാണ്. നമുക്ക് കാണുവാനും കേൾക്കുവാനും സംസാരിക്കുവാനും, നടക്കുവാനും അല്ലെങ്കിൽ ചിന്തിക്കുവാനുമുള്ള കഴിവ് തരുവാൻ ദൈവത്തിന് എന്തെങ്കിലും കടപ്പാട് ഉണ്ടോ? ഇല്ല. എങ്കിലും അവൻ നമുക്ക് അവയെല്ലാം തന്റെ ദയവിനാലും കരുണയാലും നൽകുന്നു. അങ്ങനെയുള്ള ദൈവത്തെ സ്നേഹത്തോടെ അനുസരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യുവാൻ യഥാർത്ഥ മനുഷ്യനു കഴിയുകയില്ല. പ്രത്യേകമായി ദൈവത്തിന് തന്റെ മക്കളായി തീർന്നവരോട് വാൽസല്യവും സ്നേഹവും ഉണ്ട്. അവരെ കുറിച്ച് നല്ല കരുതലും അവൻ പ്രകടിപ്പിക്കും. നാം അവന്റെ മക്കളായി തീരുവാൻ അവൻ അടിസ്ഥാനപരമായ അനുഗ്രഹങ്ങൾ നൽകുമ്പോൾ, നാം മക്കളായി കഴിഞ്ഞാൽ അനുഭവിക്കുവാൻ പോകുന്ന നിരവധി അനുഗ്രഹങ്ങളെ കുറിച്ച് അറിയുന്നത് വളരെ പ്രയോജനം ചെയ്യും.

തന്നെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന അവന്റെ മക്കളോട് അവൻ കാണിക്കുന്ന കരുതൽ അപ്രമേയമാണ്. സങ്കീർത്തനക്കാരൻ പറയുന്നത് നമുക്ക് വായിക്കാം,"യഹോവ എന്റെ ഇടയനാകുന്നു; എനിക്ക് മുട്ട് ഉണ്ടാകയില്ല. പച്ചയായ പുൽപുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്ക് അവൻ എന്നെ നടത്തുന്നു; എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. കൂരിരുൾതാഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു" (സങ്കീർത്തനങ്ങൾ 23:1-4). തന്റെ സ്നേഹത്തെയും, സന്ദേശത്തെയും, അത് ആളുകൾക്ക് പരിശോധിച്ച് ഉറപ്പു വരുത്തുവാനും ദൈവം അത്ഭുതകരമായി തന്റെ കരുതൽ പഴയ നിയമകാലത്ത് പ്രദർശിപ്പിച്ചിരുന്നു. ആരെയെങ്കിലും ബോധ്യപ്പെടുത്തുവാൻ ദൈവത്തിന് എല്ലാ കാലവും അത്ഭുതങ്ങൾ ചെയ്യേണ്ട ആവശ്യമില്ല.

വ്യക്തികളുടെ ജീവിതത്തിന് ആവശ്യമായതെല്ലാം ദൈവം പല വിധത്തിൽ നൽകിയിരിക്കുന്നു. അവന്റെ ജ്ഞാനവും ശക്തിയും അവന്റെ പ്രവൃത്തികളിൽ നമുക്ക് കാണുവാൻ കഴിയും. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ നേരിട്ടു കണ്ടിട്ടും വിശ്വസിക്കാതി

രുന്നവർ ധാരാളം ചരിത്രത്തിൽ നമുക്ക് വായിക്കുവാൻ കഴിയും. ശാസ്ത്രിമാരും പരീശന്മാരും യേശുവിനോട് അടയാളം ആവശ്യപ്പെടുന്നുണ്ട്. “ഗുരോ നീ ഒരു അടയാളം ചെയ്തു കാൺമാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്ന് അവർ പറഞ്ഞു. അവൻ അവരോട് ഉത്തരം പറഞ്ഞത്, ദോഷവും വ്യഭിചാരവും ഉള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളം അല്ലാതെ അതിന്നു അടയാളം ലഭിക്കയില്ല; യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും” (മത്തായി 12:38 –40).

ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നതായിരുന്നു അവർക്കുള്ള ഏറ്റവും വലിയ അടയാളം. ആ അത്ഭുതം വീണ്ടും ആളുകൾ കാണുവാനായി ചെയ്യേണ്ട ആവശ്യമില്ല. മരിച്ച് അടക്കപ്പെട്ട ശേഷം യേശു ഉയർത്തെഴുന്നേറ്റ് അനേകം പേർക്ക് പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്നു തെളിയിച്ചു. മറ്റു ശിഷ്യന്മാർ യേശു ഉയർത്തെഴുന്നേറ്റു എന്നു പറഞ്ഞതു വിശ്വസിക്കാതിരുന്ന തോമാസിന് പ്രത്യക്ഷനായി കർത്താവ് പറഞ്ഞു, “തോമാസേ നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ” (യോഹന്നാൻ 20:29). ഇന്ന് ജീവിച്ചിരിക്കുന്നവർ കർത്താവിനേയും അവന്റെ അത്ഭുതങ്ങളേയും കണ്ടിട്ടില്ല. എങ്കിലും ദൈവശ്വാസിയമായ തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നതു നാം വിശ്വസിക്കുന്നു. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ അനേകം അടയാളങ്ങൾ യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു നാം വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്ന് ഇത് എഴുതിയിരിക്കുന്നു (യോഹന്നാൻ 20:30, 31).

നമ്മുടെ പാപപരിഹാരത്തിനായി തന്റെ ഏകജാതനായ പുത്രനെ ക്രൂശിൽ മരിപ്പാൻ ദൈവം അനുവദിച്ചതു തന്നെ ഏറ്റവും വലിയ ദാനമാണ്. ഒരിക്കൽ സുവിശേഷം അനുസരിച്ചുകഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് ദൈവത്തോട് യാചിക്കുന്നതിനുള്ള പ്രത്യേകമായ അവകാശമുണ്ട്. കാരണം അവൻ നിങ്ങളുടെ പിതാവായി തീർന്നിരിക്കു

ന്നു. നാം ചോദിക്കുന്നതിനു മുൻപ് തന്നെ നമ്മുടെ ആവശ്യങ്ങൾ നമ്മുടെ പിതാവ് അറിയുന്നു എന്നുള്ളത് നമുക്ക് ആശ്വാസം പകരുന്ന ഒന്നാണ് (മത്തായി 7:11). എന്നാൽ മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ നമ്മുടെ ഭൗതികമായ ആവശ്യങ്ങളെല്ലാം അവൻ നിറവേറ്റി തരും എന്നു മുന്നറിയിച്ചിരിക്കുന്നു (മത്തായി 6:33). ദൈവത്തിന്റെ പ്രത്യേക കരുതൽ നമുക്ക് ഉണ്ടായിരിക്കും എന്നു പറയുമ്പോൾ നാം ആഗ്രഹിക്കുന്നതെല്ലാം തരും എന്നു ധരിക്കരുത്. പക്ഷെ നമുക്ക് ഏറ്റവും നല്ലത് ഏതെന്നും അത് എത്രയെന്നും നമ്മേക്കാൾ അധികം നന്നായി അറിയുന്നത് നമ്മുടെ പിതാവാണ്. യേശു പിതാവിന്നു കീഴ്പ്പെട്ടതുപോലെ നാം പിതാവിന്റെ ഇഷ്ടത്തിന്നു നമ്മെ പൂർണ്ണമായി കീഴ്പ്പെടുത്തണം.

പൂർണ്ണമായ ആരോഗ്യവും പൂർണ്ണമായ സ്വത്തും നമുക്ക് വാസ്തവത്തിൽ ആവശ്യമുണ്ടോ? ആളുകൾക്ക് സമ്പത്ത് വർദ്ധിച്ചപ്പോൾ അവർ ദൈവത്തെ മറന്നതായിട്ടാണ് ചരിത്രം വ്യക്തമാക്കുന്നത്. ഹോശേയാ പറയുന്നത് ശ്രദ്ധിക്കുക, “മരുഭൂമിയിൽ ദൈവം അവരെ നന്നായി മേയിച്ചു. മേച്ചൽ ഉള്ളതുപോലെ അവർ മേഞ്ഞു. തൃപ്തരായപ്പോൾ അവരുടെ ഹൃദയം ഉയർന്നു; അതുകൊണ്ട് അവർ എന്നെ മറന്നുകളഞ്ഞു” (ഹോശെയാ 13:6). ആഗൂർ ദൈവത്തോട് രണ്ടു കാര്യങ്ങൾ അപേക്ഷിക്കുന്നതായി ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു. “വ്യാജവും ഭോഷ്ക്കും എന്നോട് അകറ്റേണമേ. ദാരിദ്ര്യവും സമ്പത്തും എനിക്ക് തരാതെ നിത്യവൃത്തി തന്ന് എന്നെ പോഷിപ്പിക്കേണമേ” (സദൃശവാക്യങ്ങൾ 30:8). നമ്മുടെ ജീവിതം ഇപ്പോഴും എന്നുമെന്നേക്കും അനുഗ്രഹിക്കപ്പെടുന്നതെങ്ങനെ എന്ന് ദൈവത്തിന് നമ്മേക്കാൾ അറിയാം. എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ പോലെയല്ല, എന്റെ വഴികൾ നിങ്ങളുടെ വഴികൾ പോലെയുമല്ല എന്ന് യഹോവയായ ദൈവം അരുളിച്ചെയ്തിരിക്കുന്നു.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവൻ സകലവും നന്മക്കായി വ്യാപരിക്കും എന്നോർക്കുക. അതായത് തിന്മയെ നന്മയാക്കി മാറ്റുവാൻ ദൈവത്തിനു കഴിയും എന്നർത്ഥം. ഏതു തരം കുട്ടികളാണ് മാനസികമായും ശാരീരികമായും ശക്തമായി വളരുന്നത്? കുടുംബത്തെ സഹായിക്കുന്ന, കുടുംബത്തിലെ എല്ലാം അനുഭവിക്കുന്ന കുട്ടിയാണ് എന്നു പറയാം. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്.

# ദൈവത്തിന് നന്ദി ചെലുത്തൽ

## ജെ. എൽ ലിവെസ്സെ

മനുഷ്യർക്ക് ദൈവത്തോട് എല്ലാറ്റിനും കടപ്പാടുണ്ട്. കാരണം നാം അനുഭവിക്കുന്നതെല്ലാം ദൈവത്തിൽനിന്നാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും സൃഷ്ടികർത്താവായ ദൈവത്തിൽ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിന്റെ രൂപത്തിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യരായ നാം. ആരംഭം മുതൽ നാം ഈ ഭൂമിയിൽ എങ്ങനെ ജീവിക്കണമെന്ന് തീരുമാനിക്കുവാൻ അവനു പൂർണ്ണമായ അധികാരവും അവകാശവും ഉണ്ടായിരുന്നിട്ടും നമുക്ക് സ്വാതന്ത്ര്യം തന്നു ജീവിക്കുവാൻ അനുവദിച്ചിരിക്കുന്നു. ഒന്നിനും കുറവില്ലാതെ തികഞ്ഞ പുരുഷനും സ്ത്രീയുമായി ആദാമിനേയും ഹവ്വയെയും ദൈവം ഏദെൻ തോട്ടത്തിലാക്കി. അവർക്ക് ഭക്ഷിപ്പാൻ ആവശ്യമായതെല്ലാം ആ തോട്ടത്തിൽ ഉണ്ടായിരുന്നു. അവയെല്ലാം അനുഭവിച്ച് ദൈവത്തോടുള്ള നന്ദി പ്രകാശിപ്പിച്ച് അവർക്ക് കഴിയാമായിരുന്നു. പക്ഷെ അവർക്കിടയിലേക്ക് സർപ്പം വരികയും ഹവ്വയെ ഉപായത്താൽ ചതിക്കയും ചെയ്തു. അങ്ങനെ അവർ ശപിക്കപ്പെട്ടു തോട്ടത്തിൽനിന്നു പുറന്തള്ളപ്പെട്ടു. അങ്ങനെയാണ് മനുഷ്യർ ഭൂമിയിൽ കഷ്ടതയേൽക്കേണ്ടി വന്നത്.

പാപം അന്നുവരെ ഇല്ലായിരുന്നു. ദൈവത്തിന്റെ നിയമത്തെ ലംഘിക്കുന്നതാണ് പാപം (1 യോഹന്നാൻ 3:4). അകൃത്യങ്ങളിൽനിന്നു മനുഷ്യർക്ക് സ്വയമായി മോചിക്കപ്പെടുവാൻ കഴിയാതെ വന്നു. കാരണം പാപം ചെയ്യാതെ നന്മ മാത്രം ചെയ്തു ജീവിക്കുവാൻ ഒരു മനുഷ്യനും കഴിയാതെയാണിരിക്കുന്നതു. ഈ നിസ്സഹായമായ അവസ്ഥ കണ്ട് മനസലിവുള്ള പിതാവ് തന്റെ പദ്ധതി മനുഷ്യർക്കായി രൂപപ്പെടുത്തിയത് അവന്റെ പുത്രനായ ക്രിസ്തു നടപ്പിലാക്കി. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. ആ സാഹചര്യത്തിൽ ദൈവം മനുഷ്യനായി അവതരിക്കുകയും ശരീരം നുറുക്കപ്പെട്ട് രക്തം ചിന്തി ദൈവത്തിനു പ്രസാദമായ യാഗമായിതീർന്നു. ആ യാഗത്തോട് ബന്ധപ്പെടുന്നവർക്ക് പാപമോചനം സാധ്യമാക്കി. അങ്ങനെ സുവിശേഷം അനുസരിക്കുന്നവർക്ക് രക്ഷ ലഭിക്കുമാറാക്കി. ദൈവത്തിന്റെ കൃപയാലാണ് മനുഷ്യർ ചെയ്യുന്ന പാപങ്ങൾക്ക് അവരെ ശിക്ഷിക്കാതിരിക്കുന്നത്. ദൈവത്തിന്റെ രക്ഷാദൂത് എല്ലാവരും കേൾക്കുവാനായി ഭൂലോകത്തിൽ ഒക്കെയും പോയി പ്രസം

ഗിക്കുവാൻ ശിഷ്യന്മാരോട് കർത്താവ് കൽപിച്ചു. അവർ അത് അങ്ങനെ തന്നെ നിർവ്വഹിക്കുകയും ചെയ്തു. അതുകൊണ്ട് പാപം ചെയ്തു പാപത്തിന്നു ദാസന്മാരായി തീർന്നവർക്ക് അതിൽനിന്ന് മോചനം ലഭിച്ച് നീതിക്ക് ദാസന്മാരായി തീരുവാനുള്ള അവസരം ദൈവം ഒരുക്കിയത് എത്ര ഭാഗ്യം (റോമർ 6:17, 18). ഉപദേശരൂപത്തെയാണ് ആളുകൾ അനുസരിക്കേണ്ടത്. ഉപദേശരൂപം എന്നു പറയുന്നത് ദൈവത്തിൽനിന്നു ലഭിച്ചതും കർത്താവ് അപ്പൊസ്തലന്മാരെ ഭരമേൽപിച്ചതും അവർ നമുക്ക് ഏൽപിച്ചു തന്നിരിക്കുന്നതുമാണ്. സ്വാതന്ത്ര്യത്തെ കുറിച്ച് ചിന്തിക്കുന്നത് നല്ല കാര്യമാണ്. സ്വാതന്ത്ര്യമില്ലാത്തവർക്കാണ് വാസ്തവത്തിൽ സ്വാതന്ത്ര്യത്തിന്റെ വില അറിയുവാൻ കഴിയു. അടിമത്വത്തിലായിരിക്കുന്നവർ അതിൽനിന്ന് മോചനം ലഭിക്കുന്നത് എപ്പോഴാണ് എന്നു ചിന്തിച്ചുകൊണ്ടിരിക്കും.

സ്വാതന്ത്ര്യം അനുഭവിക്കുന്നവർക്ക് അതിന്റെ ഗുണം വിശദമാക്കുവാൻ കഴിയും. അടിമത്വത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചവർക്ക് അവ രണ്ടും വിശദമാക്കുവാൻ കഴിയും. പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചവർക്കാണ് സമാധാനം അനുഭവിക്കുവാൻ കഴിയുന്നത്. ലോകത്തിൽ ജീവിക്കുന്ന മനുഷ്യർ പലരും പലതിനും അടിമപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഒന്നും ഇല്ല. എല്ലാ മനുഷ്യർക്കും ആത്മിയമായ സ്വാതന്ത്ര്യം ആവശ്യമാണ്. നീതിക്കു ദാസന്മാരായി തീരുന്നതോ അല്ലെങ്കിൽ പിതാവായ ദൈവത്തിന് നന്ദി കരേറ്റുന്നതോ വലിയ കാര്യമല്ല എന്ന അഭിപ്രായക്കാരുണ്ട്. “നിങ്ങൾ ദാസന്മാരായി നിങ്ങളെത്തന്നെ സമർപ്പിക്കുകയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവന്ന് ദാസന്മാർ ആകുന്നു എന്ന് അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്നു ദാസന്മാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നെ” (റോമർ 6:16). നാം പുതിയനിയമ ഉപദേശരൂപം ഹൃദയരൂപം അനുസരിക്കുമ്പോൾ നാം ക്രിസ്തുവിന്നു പൂർണ്ണമായി സമർപ്പിക്കപ്പെടുന്നു.

ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നാം എല്ലാവരും അവന്റെ മരണത്തോടു പങ്കാളിയാകുവാനാണ് സ്നാനം ഏറ്റത്. ക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടുന്നവർക്കാണ് ദൈവത്തിന്റെ പാപക്ഷമാപണം പൂർണ്ണമായി ലഭിക്കുന്നത്. അതിന് നാം

ക്രിസ്തുവിനും പിതാവായ ദൈവത്തിനും നന്ദി ചെലുത്തണം. നമ്മുടെ കഴിവോ പ്രവർത്തിയോ അതിനു കാരണമല്ല എന്ന് ഓരോരുത്തരും അറിഞ്ഞിരിക്കണം. അവസാനത്തെ ന്യായവിധി എല്ലാവരും നേരിടേണ്ടതാണ്. പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക, "ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അത് നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും?" (1 പത്രൊസ് 4:17). ദൈവദാസന്മാർ പൂർണ്ണമായും സമർപ്പിക്കപ്പെട്ടവരായിരിക്കണം. യേശു യഹൂദന്മാരോട് പറഞ്ഞത്, ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാൺകയില്ല. റോമാ ലേഖനത്തിൽ അപ്പൊസ്തലൻ പറയുന്നത്, "അവൻ ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്ക് തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്ക് വേണ്ട സ്ഥിരത പൂണ്ട് തേജസും, മാനവും, അക്ഷതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും" (റോമർ 2:6, 7).

നാം ക്രിസ്തുവിന്ന് നമ്മെത്തന്നെ കീഴ്പ്പെടുത്തുമ്പോൾ, അവൻ നമുക്ക് പാപമോചനവും നിത്യജീവനും ദൈവമക്കൾക്കുള്ള നിത്യാവകാശവും നൽകുന്നു (റോമർ 16:16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:27). നിങ്ങൾ പൂർണ്ണപ്രസാദത്തിനായി കർത്താവിന്നു യോഗ്യമാംവണ്ണം നടന്ന് ആത്മികമായ സകലജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ട് നിറഞ്ഞുവരേണം എന്നും സകലസൽപ്രവൃത്തിയിലും ഫലം കായ്ച്ച് ദൈവത്തെ കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണം എന്നും സകല സഹിഷ്ണുതയും ദിർഘക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന്നു ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണം എന്നും അപേക്ഷിക്കുന്നു (1 കൊലൊസ്യർ 1:10-16). കൂടാതെ നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച് തന്റെ പുത്രന്റെ രാജ്യത്തിലാക്കി വെച്ച ദൈവത്തിന് നാം എത്ര പുകഴ്ത്തിയാലും നന്ദി ചെലുത്തിയാലും അത് അധികമാകയില്ല. പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്നു ദാസൻ ആകുന്നു എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്.

ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല. എന്നാൽ പുത്രൻ എന്നേക്കും വസിക്കും എന്നുകൂടെ യേശു മുന്നറിയിച്ചിരിക്കുന്നു. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും എന്ന വാഗ്ദാനം പ്രചോദനകരമാകുന്നു. യെരുശലേമിൽ ആട്ടുവാതിൽക്കൽ ബേഥെസ്ദാ എന്നു എബ്രായ പേരുള്ള ഒരു കുളം ഉണ്ട്; അതിന്ന് അഞ്ചു മണ്ഡപം ഉണ്ട്; അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ, ഇങ്ങനെ വലിയോരു കൂട്ടം വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ട് കിടന്നിരുന്നു. അതതു സമയത്ത് ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും. ആദ്യം ഇറങ്ങുന്നവൻ അവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവന്നു സൗഖ്യം വരും (യോഹന്നാൻ 5:2-4). അത്ഭുതകരമായി ദൈവം പ്രവർത്തിച്ചതായ കാലഘട്ടം എത്ര ഭാഗ്യകരമെന്നോർക്കുക. ആ ദൈവത്തോട് നമുക്ക് എപ്രകാരം ആണ് നന്ദി സൂചിപ്പിക്കേണ്ടത് എന്നു ഓരോരുത്തരും മനസിലാക്കിയിരിക്കണം.

ദൈവമക്കളായി തീരുമ്പോൾ നമുക്ക് പ്രത്യേകമായ സന്തോഷവും സമാധാനവും ദൈവം നൽകും. നാം ദൈവത്തെ അനുസരിക്കേണ്ടതും സേവിക്കേണ്ടതും എങ്ങനെ എന്ന് ദൈവം വ്യക്തമായി പറഞ്ഞിരിക്കുന്നു "മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ ദൃഷ്ടിസേവയാലല്ല ക്രിസ്തുവിന്റെ ദാസന്മാരെ പോലെ ദൈവേഷ്ടം മനസോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നെ പ്രീതിയോടെ സേവിച്ചുംകൊണ്ട് അനുസരിപ്പിൻ" (എഫെസ്യർ 6:6, 7). പൗലൊസ് എഫെസ്യർക്ക് ലേഖനം എഴുതി അവസാനിപ്പിക്കുമ്പോൾ അവരെ പ്രബോധിപ്പിച്ചത് ശ്രദ്ധിക്കുക. പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും വഹോദരന്മാർക്ക് സമാധാനവും വിശ്വാസത്തോടുകൂടിയ സ്നേഹവും ഉണ്ടാകുമാറാകട്ടെ (എഫെസ്യർ 6:22, 23). നമുക്ക് ദൈവദാസന്മാരായി തീരുവാൻ കഴിയുന്നതു നിമിത്തം നമുക്ക് ദൈവത്തെ സ്തുതിക്കാം. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാമെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്ന യേശുക്രിസ്തുവിന് നമുക്ക് നന്ദിയുള്ളവരായിരിക്കാം. മറ്റാർക്കും നമ്മെ വാസ്തവത്തിൽ ആശ്വസിപ്പിപ്പാൻ കഴിയില്ല.

# നൈരാശ്യവാദ ശാപം

## ഡബ്ലിയു. ഏ. ഹോളേ

പല വിധത്തിൽ ആളുകൾ നിരാശാവാദഗതി ഉയർത്തുന്നത് കേൾക്കാം. എന്തുകൊണ്ടാണ് ആളുകൾ ഈ രീതിയിൽ വാദിക്കുകയും തർക്കിക്കുകയും ചെയ്യുന്നത്? എന്താണ് നൈരാശ്യവാദം എന്നാൽ? നിങ്ങളിലും എന്നിലും അത്തരം പ്രവണത കാണുന്നുണ്ടോ? ഇവയെല്ലാം നമുക്ക് ചുരുക്കമായി നോക്കാം. നിഷേധകരമോ, എതിരായിട്ടുള്ളതോ ആയ പ്രതികരണമാണ് ഇത് എന്നു പറയാം. അതായത് പ്രതീക്ഷിക്കു വകയില്ലാത്തവിധത്തിലുള്ള അഭിപ്രായപ്രകടനമാണ് അത്. മോശമായ പ്രതീക്ഷകൾ നിരത്തി സംസാരിക്കുന്ന ആളുകളെയും കാണാം. ചില ആളുകൾ തങ്ങളെ ഏൽപിക്കുന്ന ജോലി ഒരു നൈരാശ്യ ഭാവത്തോടെ ചെയ്യുന്നു എന്നു മനസിലാക്കാം. എന്നാൽ ചിലർ അത് അത്യുൽസാഹത്തോടെ ചെയ്യുന്നു എന്നതും വാസ്തവമാണ്. ശുഭാപ്തി വിശ്വാസമുള്ളവരുടെ ഭാഗത്തുനിന്ന് പരിശ്രമം ഉണ്ടാകും. ശുഭാപ്തി വിശ്വാസമുള്ളവരുടെ കാഴ്ച്ചപ്പാടിൽ ഒരു ഗ്ലാസിൽ പകുതി നിറഞ്ഞ ചായ കാണുവാൻ കഴിയും. നൈരാശ്യവാദക്കാരൻ കാണുന്നത് ആ ഗ്ലാസിൽ പകുതി ശൂന്യമായിട്ടായിരിക്കും

ജലപ്രളയം വരുവാനിരിക്കുന്നു എന്ന മുന്നറിയിപ്പു ലഭിച്ചപ്പോൾ അത് ദൈവത്തിൽനിന്നായിരുന്നതിനാൽ സംഭവിക്കുക തന്നെ ചെയ്യുമെന്ന് അവന് അറിയാമായിരുന്നതിനാൽ അവൻ വിശ്വാസത്താൽ തന്റേയും തന്റെ കുടുംബത്തിന്റേയും രക്ഷക്കായി ഒരു പെട്ടകം തീർത്തു (ഉൽപ്പത്തി 6:8; എബ്രായർ 11:7).ഗോല്യാത്തിനെതിരെ യുദ്ധം ചെയ്യുന്നത് അസാദ്ധ്യമെന്നു ആളുകൾ കരുതിയപ്പോൾ ബാലനായിരുന്ന ദാവീദ് ഗോല്യാത്തിനെതിരെ യുദ്ധത്തിന് പോയി അവനെ തോൽപിച്ചു. തികഞ്ഞ ഒരു ശുഭാപ്തിവിശ്വാസിയായിരുന്നു ദാവീദ്. (1 ശമുവേൽ 17:4, 23). അപ്പൊസ്തലനായി തീർന്ന പൗലൊസ് തനിക്ക് അനേകം പരീക്ഷണങ്ങളും ഉപദ്രവങ്ങളും നേരിടേണ്ടിവന്നുവെങ്കിലും ഒരു തികഞ്ഞ ശുഭാപ്തി വിശ്വാസിയായിരുന്നു. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ ആകുന്നു" എന്നത്രെ പൗലൊസ് പറഞ്ഞത് (ഫിലിപ്പിയർ 4:13). ചാട്ടവാറുകൊണ്ട് അടിയേറ്റു, കല്ലേറുകൊണ്ടു എന്നിട്ടും അവൻ തന്റെ ദൗത്യം വിട്ടുകളഞ്ഞില്ല.

പൗലൊസിന്റെ ജീവിതാവസാനം മരണം അവനെ തുറിച്ചു നോക്കിയപ്പോഴും അവന്റെ മുമ്പിൽ വെച്ചിരിക്കുന്ന പ്രകാശവും ജീവകിരീടവും അവനു കാണുവാൻ കഴിഞ്ഞു (2 തിമൊഥെയൊസ് 4:4-8). ദൈവ ശബ്ദം കേട്ട് പ്രചോദിതരാകാതിരിക്കുന്നത് ആരാണ്? നൈരാശ്യമനുഭവപ്പെടുന്ന അംഗങ്ങളിൽകൂടെ കർത്താവിന്റെ ശരീരത്തിലേക്കു നൈരാശ്യവാദമെന്ന ശാപം കടന്നുവന്നേക്കാം. .ചിലർ നിത്യമായി നൈരാശ്യവാദത്തിലാണ്. അവർ എല്ലാകാര്യങ്ങളുടേയും ഇരുണ്ടവശമാണ് കാണുന്നത്. അവർ സഭയുടെ വീഴ്ച്ചയെയാണ് കാണുന്നത്. എന്നിട്ട് അവർ പറയും "അങ്ങനെ സംഭവിക്കുമെന്ന് ഞാൻ പറഞ്ഞില്ലേ?" ചിലർ യുദ്ധത്തിനു മുൻപ് വിജയം ആഘോഷിക്കുന്നവരാണ്. ഒരു പരസ്യ യോഗവും ബൈബിൾ ക്ലാസുകളും ഏർപ്പെടുത്തിയിട്ട് ഏതാനും പേർ ആളുകളെ ക്ഷണിക്കുവാൻ പോകുമ്പോൾ, ചിലർ അതിനോട് സഹകരിക്കാതെയിരിക്കും. എന്നിട്ട് പറയും "ഇതൊന്നും വലിയ ഫലം പുറപ്പെടുവിക്കുന്നതല്ല."

വേറെ ചിലർ മുൻപത്തെ അനുഭവം നിരത്തി നിഷേധഭാവം അവലംബിക്കും. നൈരാശ്യവാദം എന്നത് അപകടകരമായ ഒരു രോഗമാണ്, അത് മരണകരമായ അവസ്ഥയുമാണ് എന്നോർക്കുക. ഒരു വ്യക്തിയെ ബാധിക്കുന്ന ഇത്തരം ബാധ ഇടവകയെ മുഴുവൻ കാർന്നു തിന്നുന്ന അർബ്ബുദമായി മാറുവാനിടയുണ്ട്. അതിനാൽ നമ്മെ മുന്നറിയിച്ചിരിക്കുന്ന വേദഭാഗങ്ങൾ നാം ഒരിക്കലും മറക്കരുത്. "ഉണർന്നിരിപ്പിൻ, വിശ്വാസത്തിൽ നിലനിൽപിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ, നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ" (1 കൊരിന്ത്യർ 16:13). പുനരുത്ഥാനത്തിന്റെ മർമ്മങ്ങളെ ചർച്ച ചെയ്യുന്നതോടുകൂടി പൗലൊസ് എഴുതി. "ആകയാൽ പ്രിയ സഹോദരീസഹോദരന്മാരെ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1 കൊരിന്ത്യർ 15:58). സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ കർത്താവ് തന്റെ ശിഷ്യന്മാരോട് കൽപിച്ചിരിക്കുന്നത് ഒരു ലളിതമായ ഒന്നാണ് (മത്തായി 28:18-20; മർക്കൊസ് 16:16). പണമോ, കാറോ, വിമാനമോ, ഫോണോ മറ്റു ആധുനിക സൗകര്യങ്ങൾ ഒന്നുമില്ലാത്ത കാലത്ത് അവർക്ക് അത് അസാധ്യമായിരുന്നു എന്ന കാര്യത്തിൽ ആർക്കും എതിരഭി

പ്പായമുണ്ടാകയില്ല. പക്ഷെ അവരുടെ യജമാനനെ അവർ വിശ്വസിച്ചു. അവർ അവന്റെ കൽപനകളെ വിശ്വസിച്ചു. അവർ യെരുശലേം നഗരം വിട്ട് മറ്റു നഗരങ്ങളിലേക്ക് സഞ്ചരിക്കുവാനും ദൈവ സന്ദേശം എത്തിക്കുവാനും തുടങ്ങി. അവർ ദൈവത്തിന്റെ പദ്ധതി നടപ്പാക്കിത്തുടങ്ങിയപ്പോൾ ദൈവം അവരോടുകൂടെ ഇരുന്ന് അത്ഭുതങ്ങളാൽ അവരുടെ വചനത്തെ ഉറപ്പിച്ചുകൊടുക്കുവാൻ തുടങ്ങി. അങ്ങനെ ആ കാലത്ത് അവർക്ക് ആകാശത്തിൻ കീഴിലുള്ള സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ കഴിഞ്ഞു എന്നത് നിസാരമായ കാര്യമല്ല (കൊലൊസ്യർ 1:23).

ഈ കാലത്ത് നമുക്ക് മിക്കവാറും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉണ്ട്, ആ സംവിധാനങ്ങൾ ഉപയോഗിച്ച് എല്ലാവരിലേക്കും സുവിശേഷം എത്തിക്കുവാൻ നമുക്ക് കഴിയുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമല്ലേ? തീർച്ചയായും അതെ. എന്തുകൊണ്ട് എന്ന ചോദ്യം അവശേഷിക്കുന്നു. നാം കടൽത്തീരത്താണോ മീൻപിടിക്കുവാൻ വലയുമായി ഇറങ്ങുന്നത്? കർത്താവിന്റെ ശിഷ്യന്മാർ രാത്രി മുഴുവൻ വല വീശിയിട്ടും ഒന്നും കിട്ടാതിരുന്ന സംഭവം ബൈബിളിൽ വിവരിക്കുന്നു. യേശു പത്രൊസിനോട് കൽപിച്ചത് “ആഴത്തിലേക്ക് നീക്കി വലയിടുവിൻ” എന്നായിരുന്നു. അവൻ അങ്ങനെ ചെയ്തപ്പോൾ വല നിറയെ മീൻ അകപ്പെട്ടു (ലൂക്കൊസ് 5:1-11). കർത്താവിന്റെ സഭയുടെ ആയിരക്കണക്കിന് ഇടവകകൾ നാം ആരംഭിക്കേണ്ടതാണ്. നാം ആഴത്തിലേക്ക് നീക്കി വലയിറക്കണം. നമുക്ക് ഏവർക്കും ശുഭാപ്തിവിശ്വാസമാണ് ആവശ്യം. നിരുല്സാഹജനകമായ പ്രവർത്തനമല്ല നമുക്ക് ആവശ്യം. ഔൽസുക്യത്തോടുകൂടിയ പ്രവർത്തനമാണ്.

നമ്മുടെ ഇപ്പോഴത്തെ പ്രശ്നങ്ങളോ തടസങ്ങളോ കാര്യമാക്കി എടുക്കരുത്, നമ്മെ നയിക്കുന്ന പടനായകൻ ശക്തനാണ്. അവനിൽ ആശ്രയിച്ചുകൊണ്ട്, അവന്റെ വാക്ക് കേട്ട് അനുസരിക്കുകയാണ് വേണ്ടത്. ക്രിസ്തുവാണ് നമ്മുടെ പ്രത്യാശ. മുഖ്യമായ ചിന്ത ഇപ്പോഴാണ് നമ്മിൽ വരേണ്ടത്. മൂന്നു പ്രാവശ്യം തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രൊസ് കർത്താവിന്റെ ആജ്ഞ അനുസരിച്ചു ജീവിക്കുവാനും പ്രവർത്തിപ്പാനും ധൈര്യപ്പെട്ടു.

# വിശ്വാസ ത്യാഗ ഭീഷണി

## ജോണി രാംസെ

വിശ്വാസ ത്യാഗം എന്നു പറഞ്ഞാലെന്താണ്? മിക്കപ്പോഴും വിശ്വാസത്യാഗത്തിന്റെ അമ്മയായി തീരുന്നത് സൗകര്യമാണ്. ആദ്യം നമുക്ക് വിശ്വാസമെന്താണ് എന്നു നോക്കാം. വിശ്വാസം എന്നത് കാണാത്ത വ്യക്തിയിലോ സംഭവത്തിലോ നമുക്കുള്ള ഉറപ്പാണ്. ദൈവത്തെ നമ്മൾ ആരും കണ്ടിട്ടില്ല. ആത്മാവിനെയും നാം കണ്ടിട്ടില്ല. സത്യത്തെയാണ് നാം വിശ്വസിക്കേണ്ടത്. വിശ്വാസം വ്യക്തിപരമാണ്. നമ്മുടെ ഹൃദയത്തിൽനിന്നാണ് വിശ്വാസം ഉത്ഭവിക്കേണ്ടത്. വിശ്വാസം കൂടാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6).പല കാരണങ്ങൾ നിമിത്തം ആളുകൾ സത്യത്തിൽനിന്നും അകന്നു പോകുന്നു. വിശ്വാസം കുറയുന്നതുകൊണ്ടാണ് ആളുകൾ സത്യത്തിൽനിന്ന് അകലുന്നത്. അത് വാസ്തവത്തിൽ ദൈവത്തിൽനിന്നുള്ള അകൽച്ചയാണ്. ദൈവത്തോട് പറ്റിച്ചേർന്നിരിക്കേണ്ടവർ അവനെ വിട്ടുപോകുന്നത് അബദ്ധമാണ്. മനുഷ്യജീവിതം താളം തെറ്റിപ്പോകുന്ന അവസ്ഥയാണ് ദൈവമില്ലാതെയുള്ള നടപ്പ്. മനുഷ്യനു സ്വയമായി അവന്റെ കാലടികളെ നേരെയാക്കുവാൻ സാധ്യമല്ല. എത്ര സാമർത്ഥ്യവും ബുദ്ധിയും ഉപയോഗിച്ചാലും അത് നടപ്പില്ല.

വിശ്വാസത്യാഗം എന്നു പറയുന്നത് സത്യത്തെ ഉപേക്ഷിക്കലാണ്. വേറൊരുവിധത്തിൽ പറഞ്ഞാൽ പാപത്തെ സ്നേഹിക്കുന്നവരാണ് വിശ്വാസത്തെ തള്ളിക്കളയുന്നത്. സത്യത്തെ മുറുകെ പിടിക്കുവാൻ, ദൈവത്തിലും അവന്റെ വചനത്തിലും ഉറച്ചുനിൽക്കുവാൻ ആളുകൾക്ക് ധൈര്യവും ഉറപ്പും ആവശ്യമാണ്. ജീവങ്കലേക്ക് പോകുന്ന വഴി ഇടുക്കവും ഞെരുക്കവുമുള്ളതാണ്, എന്നാൽ നാശത്തിലേക്ക് പോകുന്ന വഴി വീതിയുള്ളതും വിശാലവുമാണ്. രക്ഷക്കുള്ള ദൈവശക്തിയായ സുവിശേഷം അനുസരിച്ചു ജീവിക്കുവാനും അതിൽ തന്നെ നിലനിൽക്കുവാനും നമുക്ക് കഴിയണം. നമ്മുടെ സൗകര്യപ്രകാരം വിശ്വസിക്കുവാനോ, അനുസരിക്കുവാനോ, ആരാധിക്കുവാനോ അല്ല ദൈവം കൽപിച്ചിരിക്കുന്നത്. ദൈവേഷ്ടപ്രകാരമായിരിക്കണം നാം ചെയ്യുന്നതെന്തും. ക്രിസ്തുവിൽ പ്രവേശിക്കുവാൻ ആദ്യം നാം എടുത്തു വെച്ച കാൽ പിന്നിലേക്ക് എടുത്തുമാറ്റുവാൻ ശ്രമിക്കാതെ മുൻപോട്ടു തന്നെ ഗമിക്കുവാനാണ് തയ്യാറാകേണ്ടത്. ഒരിക്കൽ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് പ്രവേശിച്ചാൽ വീണ്ടും ഇരുട്ടിലേക്ക് പോകുവാൻ പരീക്ഷിക്കപ്പെട്ടേക്കാം.

പരീക്ഷണം നിരന്തരമായി സംഭവിച്ചേക്കാം. അവയെ നാം ദൈവസഹായത്താൽ തരണം ചെയ്യണം. തെറ്റിൽ അകപ്പെടാതിരിക്കുന്നതിനും വിശ്വാസത്തിൽനിന്നു വീണുപോകാതിരിക്കുവാനും ബൈബിളിലെ അടിസ്ഥാന തത്വങ്ങൾ നമ്മുടെ ജീവിതത്തിൽ പാലിച്ചിരിക്കണം. കർത്താവിന്റെ ശരീരത്തിലായിരിക്കുന്ന വ്യക്തികൾ സഭയിലെ മൂപ്പന്മാർ യോഗ്യതയുള്ളവരായിരിക്കയും, വചനം പ്രസംഗിക്കയും, സഭയെ വിശുദ്ധമായി സൂക്ഷിക്കുകയും, മാതൃകയുള്ളവരായി ജീവിക്കയും, ദുരുപദേഷ്ടാക്കളെ ശാസിക്കയും വേണം. നിർഭാഗ്യവശാൽ പല ഇടവകകളിലും മുകളിൽ പറഞ്ഞ കാര്യങ്ങളിൽ കുറവുള്ളവരായിട്ടാണ് കാണപ്പെടുന്നത്. അതിനാൽ ജനങ്ങൾ വിശ്വാസത്തിൽനിന്നും വീണുപോകുന്നു. കൃപയിൽനിന്നു വീണുപോകുവാനുള്ള സാഹചര്യം ഭൂമിയിൽ ജീവിക്കുന്ന ദൈവമക്കൾക്കുണ്ട് എന്ന കാര്യം നാം മറക്കരുത്.

“എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു” (1 തിമൊഥെയൊസ് 4:1, 2). അപ്പൊസ്തലന്മാരുടെ കാലയളവിൽ തന്നെ വിശ്വാസത്യാഗം ആരംഭിച്ചു തുടങ്ങി എന്നു പറയാം. അപ്പൊസ്തലൻ തെസ്സലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ പറയുന്നത് നോക്കുക. “അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങി പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും. അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും” (2 തെസ്സലൊനിക്യർ 2:7, 8). അനേകം കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും ലോകത്തിൽ വരുമെന്ന് മുൻകൂട്ടി ദൈവശ്വാസിയരായ ദൈവദാസന്മാർ പ്രസ്താവിച്ചിരിക്കുന്നു. സാത്താൻ നമ്മെ തോൽപ്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലൊ (2 കൊരിന്ത്യർ 2:11). നാം ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികളാകരുത്. അവയെ ശാസിക്കയത്രെ വേണ്ടത് (എഫെസ്യർ 5:11). ദുരുപദേശങ്ങളിൽനിന്നു സഭയെ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം സഭയിലെ മൂപ്പന്മാർക്കാണ് (പ്രവൃത്തികൾ 20:28) എഫെസൊസിലെ മൂപ്പന്മാരെ അപ്പൊസ്തലനായിരുന്ന പൗലൊസ് ഉത്ബോധിച്ചിരിക്കുന്നു.

അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ ഉന്നതവുമായിരിക്കും. സകലജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും. അനേകം വംശങ്ങളും ചെന്നു വരുവിൻ നമുക്ക് യഹോവയുടെ പർവ്വതത്തിലേക്ക് കയറിച്ചെല്ലാം. അവൻ നമുക്ക് അവന്റെ വഴികൾ ഉപദേശിച്ചു തരികയും

നാം അവന്റെ പാതകളിൽ നടക്കുകയും ചെയ്യും എന്ന് യെശയ്യാ പ്രവാചകൻ പ്രവചിച്ചിരുന്നു (യെശയ്യാവ് 2:2, 3). സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിപ്പാൻ അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (എബ്രായർ 3:12). ദൈവത്തിന്റെ രക്ഷയെ നാം അഗണ്യമായി വിചാരിക്കയോ, സുവിശേഷത്തിൽനിന്ന് അകന്നുപോകയോ ചെയ്യതാരിപ്പാൻ എല്ലാ തെളിവുകളും നമ്മുടെ മുൻപിൽ നിരത്തിയിരിക്കുന്നു (എബ്രായർ 2:1, 2). ചരിത്രം പരിശോധിച്ചാൽ രാഷ്ട്രീയമായ അധികാരം ഉപയോഗിച്ച് ആളുകളെ മതം മാറ്റിയ സാഹചര്യമുണ്ടായി എന്നു കാണാം. സത്യത്തിൽ ഉറച്ചു നൽക്കുകയും വിശ്വാസത്തെ മുറുകെ പിടിക്കയും ചെയ്ത പല ക്രിസ്ത്യാനികളും കൊല്ലപ്പെട്ടു. സ്തെഫാനൊസ് രക്തസാക്ഷി ആയതും യാക്കൊബ് കൊല്ലപ്പെട്ടതുമെല്ലാം അവർ തങ്ങളുടെ വിശ്വാസത്തെ മുറുകെ പിടിച്ചതുകൊണ്ടാണ്.

മാനുഷികമായ ഉപദേശങ്ങളും സമ്പ്രദായങ്ങളും ക്രിസ്തുവിന്റെ ഉപദേശങ്ങളോടൊപ്പമോ അല്ലെങ്കിൽ അതിനു പകരമായോ എടുക്കുന്നത് സത്യത്തിൽനിന്നും അകന്നുപോകുന്നതിനാണ്. ക്രിസ്തു ആദ്യനും അന്ത്യനുമാകുന്നു, അവൻ ഒരു മനുഷ്യൻ അല്ല. അവൻ സൃഷ്ടികർത്താവും സ്വർഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ളവനാണ്, അവൻ മുഖാന്തരം നൽകപ്പെട്ട തിരുവെഴുത്തുകളെല്ലാം സത്യമാണ്. അവ മനുഷ്യർക്ക് ഏവർക്കും പര്യാപ്തവുമാണ്. ബൈബിളിനെ നാം വൈകാരികമായി എടുക്കരുത്. മനുഷ്യരോടുള്ള ആദരവ് ദൈവഭക്തിക്ക് നാം ഉപയോഗിക്കരുത്. നാം എല്ലാവരെയും ബഹുമാനിക്കണം. ക്രിസ്തു അപ്പൊസ്തലന്മാർക്ക് നൽകിയതും അപ്പൊസ്തലന്മാരും പ്രവാചകന്മാരും അവ നമുക്കായി സൂക്ഷിച്ചിരിക്കുകയാണ്. ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി പ്രവർത്തിക്കുന്ന ധാരാളം ആളുകളുണ്ട്. കർത്താവിന്റെ ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചിഴക്കുകയാണ് അവരുടെ ലക്ഷ്യം. ഇന്ന് നമ്മുടെ മദ്ധ്യസ്ഥൻ ക്രിസ്തുവാണ്. ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ്. ഐക്യതയാണ് കർത്താവ് നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. താൻ ക്രിസ്തു എന്നു പറഞ്ഞു വന്ന് പലരെയും തെറ്റിക്കുമെന്ന് യേശു മുന്നറിയിച്ചിരുന്നു. സാത്താന്റെ ഉപദേശത്തെ സ്വീകരിച്ച് അവനെ ആരാധിക്കുന്നവർ പോലും ആളുകളെ തെറ്റിലേക്ക് ആകർഷിച്ചുകൊണ്ടാണിരിക്കുന്നത്. ആകയാൽ പ്രിയമുള്ളവരെ നമ്മെ പഠിപ്പിച്ച ഉപദേശത്തെ അനുസരിച്ച് അതിൽ നിലനിൽക്കുവാൻ അവന്റെ കൃപയുടെ വചനത്തിൽ ദൈവം നമ്മെ കാത്തുപരിപാലിക്കുമാറാകട്ടെ.

✶

# ശ്വാസിയ വചനം എങ്ങനെ മനുഷ്യനിൽ എത്തി?

## ദില്ലാർഡ് തർമാൻ

ആദിയിൽ ഉണ്ടായിരുന്ന വചനം മനുഷ്യരെ ജീവിപ്പിക്കുയും രക്ഷിക്കുകയും ചെയ്യുന്നു. കാരണം അത് ദൈവശ്വാസിയമാണ്. ദൈവത്തിൽനിന്ന് ആ ശ്വാസിയ വചനം എങ്ങനെ മനുഷ്യരിലെത്തി എന്നു നാം അറിഞ്ഞിരിക്കണം. മനുഷ്യരെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ആശയവിനിമയ പ്രശ്നം. ശരിയായ ആശയവിനിമയം നടത്താത്തതിനാൽ കുടുംബങ്ങൾ, സമൂഹങ്ങൾ രാജ്യങ്ങൾ തകർന്നടിയുവാനിടയായിട്ടുണ്ട്. പാപം ചെയ്തു മനുഷ്യർ ദൈവത്തിൽ നിന്നും അകന്നുപോയതിനാൽ, ദൈവത്തെ മുഖാമുഖമായി കണ്ട് സംസാരിക്കുവാൻ കഴിയാത്തതിനാൽ ദൈവം പ്രവാചകന്മാരെ തിരഞ്ഞെടുത്ത് അവർ മുഖാന്തരം സംസാരിച്ചു. ദാവീദ് പറഞ്ഞിരിക്കുന്നത് നമുക്ക് നോക്കാം. “യഹോവയുടെ ആത്മാവ് എന്നിൽ സംസാരിക്കുന്നു; അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കുന്നു” (2 ശമുവേൽ 23:2). തന്റെ പരിശുദ്ധാത്മാവിനാലത്രെ ദൈവം തന്റെ വചനം പ്രവാചകന്മാരിലേക്ക് നൽകിയത്.

ദൈവം പണ്ട് ഭാഗം ഭാഗമായിട്ട് പിതാക്കന്മാരോടും പ്രവാചകന്മാരോടും സംസാരിച്ചിട്ട് ഈ അന്ത്യകാലത്ത് തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു (എബ്രായർ 1:1, 2). പ്രവാചകൻ തനിക്ക് ലഭിച്ച പ്രവചനമായാലും ദർശനമായാലും സന്ദേശം അങ്ങനെ തന്നെ ജനങ്ങളിൽ എത്തിക്കണമായിരുന്നു (യിരെമ്യാവ് 23:28). പഴയനിയമ കാലത്ത് ജനം ദൈവത്തെ പ്രസാദിപ്പിക്കുവാനും ആളുകൾ മരിക്കാതിരിക്കുവാനുമായി ന്യായപ്രമാണം നൽകി. തന്റെ ഇഷ്ടപ്രകാരമായിരുന്നു ആത്മാവിനെ ദൈവം ഉപയോഗിച്ചത്. പിതാവായ ദൈവം മനുഷ്യരോട് തന്റെ പുത്രന്റെ വാക്കുകൾ ചെവിക്കൊള്ളുവാനാണ് പറഞ്ഞത്. പിതാവിന്റെ ഇഷ്ടത്താൽ വന്ന ദൈവപുത്രനായിരുന്ന ക്രിസ്തു സംസാരിച്ച വാക്കുകളെല്ലാം പിതാവിന്റേതായിരുന്നു. “എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്. ഞാൻ സംസാരിച്ച വചനങ്ങൾ തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും”

(യോഹന്നാൻ 12:48, 49). യേശുക്രിസ്തുവിന് സർവ്വാധികാരവും ലഭിച്ചു. തന്നിൽ വിശ്വസിക്കുന്നവൻ ഒരു നാളും ലജ്ജിക്കപ്പെടുകയില്ല എന്നും അവൻ മരിച്ചാലും ജീവിക്കും എന്നും യേശുക്രിസ്തുവിന് അല്ലാതെ മറ്റാർക്കും പറയുവാൻ സാധ്യമല്ല. "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ച്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്നാണ് യേശുക്രിസ്തുവിനെ സംബന്ധിച്ച് അരുളിച്ചെയ്ത വേദഭാഗത്തിൽ വായിക്കുന്നത് (ലൂക്കൊസ് 4:18, 19).

നിന്നെ പോലെ ഒരു പ്രവാചകനെ നിന്റെ സഹോദരന്മാരുടെ മദ്ധ്യേ ഞാൻ എഴുന്നേൽപ്പിക്കും. എല്ലാവരും അവന്റെ വചനം കേൾക്കണം എന്നു പിതാവായ ദൈവം മുന്നരുളിയിരുന്നു (ആവർത്തനപുസ്തകം 18:18). നിങ്ങൾ മോശെയെ വിശ്വസിക്കുന്നു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു എന്നാണ് യേശുക്രിസ്തു യെഹൂദന്മാരോട് പറഞ്ഞത് (.യോഹന്നാൻ 3:46). യേശുക്രിസ്തുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് പ്രാർത്ഥനക്ക് മറുപടി നൽകുന്നത്. അപ്പൊസ്തലന്മാരെ യേശു പഠിപ്പിച്ചതെല്ലാം ഓർമ്മിപ്പിക്കുന്നതിനും അവരെ സകല സത്യത്തിലും വഴി നടത്തേണ്ടതിനും ദൈവം അവരിൽ പരിശുദ്ധാത്മാവിനെ നൽകിയിരുന്നു. ദൈവ വചനം തെറ്റു കൂടാതെ സംസാരിക്കുവാനും എഴുതുവാനും അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും പരിശുദ്ധാത്മാവ് സഹായിച്ചു. അപ്പൊസ്തലന്മാരുടെ ഉപദേശരൂപത്തെ ദൈവം അത്ഭുതങ്ങളാലും അടയാളങ്ങളാലും ഉറപ്പിച്ചു നൽകിയിരിക്കുന്നു. അപ്പൊസ്തലന്മാർ വെളിപ്പെടുത്തിയിരിക്കുന്നതാണ് ദൈവേഷ്ടം. പുതിയ നിയമത്തിൽ എന്താണോ എഴുതിയിരിക്കുന്നത് അവയാണ് നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ടത്. ഞങ്ങൾ മാനുഷിക ജ്ഞാനം ഉപദേശിക്കുന്ന വാക്കുകളാലല്ല, മറിച്ച് ദൈവികജ്ഞാനത്താലുള്ള ഉപദേശമാണ് സംസാരിക്കുന്നത് എന്ന് അവർക്ക് ധൈര്യമായി പറയുവാൻ കഴിഞ്ഞിരുന്നു. നാം പുതിയനിയമോപദേശങ്ങൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ അനുഗ്രഹിക്കപ്പെടും.

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!